No. CEE/3600/KEAM-2021/TA2

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.

# പത്രക്കുറിപ്പ്

## KEAM-2021

**എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ/ഫാർമസി/മെഡിക്കൽ/ മെഡിക്കൽ അനുബന്ധ കോഴ്സുകളിലേക്കുള്ള പ്രവേശനം ഓൺലൈൻ അപേക്ഷാ സമർപ്പണം അവസാന തീയതി 21.06.2021.**

2021–22 അദ്ധ്യയന വർഷത്തെ എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ/ഫാർമസി/മെഡിക്കൽ/മെഡിക്കൽ അനുബന്ധ കോഴ്സുകളിലേക്ക് പ്രവേശനത്തിനായുള്ള ഓൺലൈൻ അപേക്ഷകൾ, പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലൂടെ സമർപ്പിക്കാനുള്ള അവസാന തീയതി 2021 ജൂൺ 21 വൈകുന്നേരം 5.00 മണി വരെ ആണ്. അനുബന്ധ രേഖകൾ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 30.06.2021 ആണ്. അപേക്ഷ സമർപ്പിക്കുന്നതിനും അനുബന്ധരേഖകൾ സമർപ്പിക്കുന്നതിനുള്ള സമയം യാതൊരു കാരണവശാലും ദീർഘിപ്പിക്കുന്നതല്ല. NEET UG-2021 പരീക്ഷയ്ക്ക് അപേക്ഷ സമർപ്പിക്കാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ കേരളത്തിലെ സർക്കാർ/സ്വാശ്രയ കോളേജുകളിൽ മെഡിക്കൽ/മെഡിക്കൽ അനുബന്ധ കോഴ്സുകളിൽ പ്രവേശനം ആഗ്രഹിക്കുന്ന പക്ഷം നിർബന്ധമായും 2021 ജൂൺ 21 ന് മുമ്പായി കീം വഴി ഓൺലൈൻ അപേക്ഷ സമർപ്പിച്ചിരിക്കണം. നിശ്ചിത തീയതിയ്ക്ക് ശേഷം പ്രവേശന പരീക്ഷാ കമ്മീഷണർക്ക് നേരിട്ടോ തപാലിലോ ഇ–മെയിലിലോ ലഭിക്കുന്ന അപേക്ഷകളും സർട്ടിഫിക്കറ്റുകളും യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല. അപേക്ഷകൾ ഏതെങ്കിലും ഒരു കോഴ്സിനോ/ എല്ലാ കോഴ്സുകളിലേയ്ക്കുമോ ഉള്ള പ്രവേശനത്തിന് ഒരു ഓൺലൈൻ അപേക്ഷ മാത്രമേ സമർപ്പിക്കാൻ പാടുള്ളൂ. 2021–ലെ സംസ്ഥാന പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളിലേയ്ക്കുള്ള പ്രവേശനത്തിനായുള്ള പ്രോസ്പെക്ടസ്, പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. അപേക്ഷ സമർപ്പിക്കുന്നതിന് മുമ്പ് പ്രോസ്പെക്ടസിലെ വിവിധ വ്യവസ്ഥകൾ അപേക്ഷകർ വായിച്ച് മനസ്സിലാക്കേണ്ടതാണ്.

**ഹെൽപ് ലൈൻ നമ്പർ: 0471-2525300**

തിരുവനന്തപുരം

17.06.2021

**പ്രവേശന പരീക്ഷാ കമ്മീഷണർ**